# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**
(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd October, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)
# (2016-2018)

## ഘടന

ചെയർമാൻ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

| | |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. എൻ. ജയരാജ്, | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. ഡി. കെ. മുരളി, | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

27-12-2013-ന് രൂപീകൃതമായ 2013-2016 വർഷത്തേക്കുള്ള സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) 20-5-2016-ന് പതിമൂന്നാം കേരള നിയമസഭ പിരിച്ചുവിടുന്നതു വരെ തുടരുകയുണ്ടായി. പതിമൂന്നാം കേരള നിയമസഭ പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ 2013-16-ലെ കമ്മിറ്റിക്ക് പ്രസ്തുത റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത സമിതിയിൽ ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) ചെയർമാനും ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി), ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളും സർവ്വശ്രീ വി. ചെന്താമരാക്ഷൻ, കോവൂർ കുഞ്ഞുമോൻ, മുല്ലക്കര രത്നാകരൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, വി. ഡി. സതീശൻ, ഡോ. ടി. എം. തോമസ് ഐസക്, പി. ഉബൈദുള്ള, എം. പി. വിൻസെന്റ് എന്നിവർ അംഗങ്ങളുമായിരുന്നു. ശ്രീ. കെ. എം. മാണി 10-11-2015-ന് മന്ത്രിസ്ഥാനം രാജിവച്ചതിനെത്തുടർന്ന്, 30-11-2015-ലെ ബുള്ളറ്റിൻ നമ്പർ 824—ഭാഗം 2 പ്രകാരം ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)യെ സമിതി ചെയർമാനായി നാമനിർദ്ദേശം ചെയ്യുകയും ശ്രീ. കെ. എം. മാണി സമിതിയംഗമായി തുടരുകയും ചെയ്തു. സമിതി അംഗമായിരുന്ന ശ്രീ. എം. പി. വിൻസെന്റ് 30-11-2015-ലെ ബുള്ളറ്റിൻ നമ്പർ 823—ഭാഗം 2 പ്രകാരം സമിതി അംഗത്വം രാജിവച്ചു. സമിതിയിലെ മറ്റൊരു അംഗമായിരുന്ന ശ്രീ. കോവൂർ കുഞ്ഞുമോൻ 28-1-2016 മുതൽ നിയമസഭാംഗത്വം രാജിവച്ചു. പ്രസ്തുത സമിതി 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ ഒരു യോഗം ചട്ടം 235(എ) പ്രകാരമുള്ള ചർച്ചയ്ക്കും രണ്ട് യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനയുടെ പരിശോധനയ്ക്കും മറ്റ് മൂന്ന് യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയുമാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 33.33 ശതമാനമായിരുന്നു.

മൂന്ന് ഭാഗങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്, 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, 2014-15 വർഷത്തെ

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്, ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട്, എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച റിപ്പോർട്ട്, നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗം, മദ്യാസക്തിക്കും മയക്കമരുന്നുപയോഗത്തിനുമെതിരെ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളാണ് ഒന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സമയപരിധി കഴിഞ്ഞ് സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായത്തിലും സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2016 ജൂലൈ 7-ാം തീയതി രൂപീകൃതമായ ഈ സമിതി 2016 ആഗസ്റ്റ് മാസം 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു

ഡോ. ടി. എം. തോമസ് ഐസക്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 22.

# റിപ്പോർട്ട്

## അദ്ധ്യായം 1

(എ) സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 21-4-2015, 28-4-2015 തീയതികളിൽ യോഗം ചേർന്ന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 5-5-2015-ലെ സമിതിയോഗം അംഗീകരിക്കുകയും, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് 8-6-2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | - | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | - | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | - | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | - | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | - | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | - | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | - | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | - | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

(ബി) 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച 2014-15 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട് 5-5-2015-ലെ സമിതിയോഗം അംഗീകരിക്കുകയും 29-6-2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച റിപ്പോർട്ട് 21-4-2015-ലെ സമിതിയോഗം അംഗീകരിക്കുകയും 29-6-2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2-7-2015-ലെ സമിതിയോഗം അംഗീകരിക്കുകയും 7-7-2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഇ) ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട് 2-7-2015-ലെ സമിതിയോഗം അംഗീകരിക്കുകയും 7-7-2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(എഫ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 21-1-2015-ൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്ത 'എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് ' എന്ന വിഷയവുമായി ബന്ധപ്പെട്ട ചോദ്യാവലിയുള്ള ഗവൺമെന്റ് മറുപടി 2-7-2015-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 17-2-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 18-2-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ജി) Harmful Use of Alcohol in Kerala- Social and Economic Impact on Families and the State എന്ന വിഷയം സംബന്ധിച്ച് കേരള ആൾക്കഹോൾ സ്റ്റഡി ടീം നടത്തിയ പഠന റിപ്പോർട്ട് സമിതി അംഗീകരിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 11-11-2015-ൽ പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തുകയും ചെയ്തു.

<u>മദ്യാസക്തിക്കും മയക്കമരുന്നുപയോഗത്തിനുമെതിരെ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശയും സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും</u>

<u>ശിപാർശ</u>

ആയുർവേദ/അലോപ്പതി മരുന്നുകളോടൊപ്പം മദ്യ/ലഹരി വസ്തുക്കൾ കലർത്തി വിൽപ്പന നടത്തുന്ന പ്രവണത നിരുൽസാഹപ്പെടുത്തുന്നതിനും വിപണനം തടയുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

മരുന്നു കടകൾ വഴി ലഹരി മരുന്നുകളും, സിറിഞ്ചുകളും ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടന്നുവരുന്നതായി ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ബഹു. കേരള ആഭ്യന്തര വകുപ്പു മന്ത്രി പ്രഖ്യാപിച്ച ലഹരി വിമുക്ത പരിപാടിയായ 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പരിപാടിയുടെ അടിസ്ഥാനത്തിൽ മരുന്നു കടകളിൽ ഇത്തരം മരുന്നുകളുടെ അനധികൃത വിൽപ്പന നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് തിരുവനന്തപുരത്തെ ഇന്റലിജൻസ് ബ്രാഞ്ച് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം തിരഞ്ഞെടുത്ത സ്ഥലങ്ങളിലെ മെഡിക്കൽ ഷോപ്പുകളിൽ ഒരേ സമയം വ്യാപകമായ പരിശോധന നടത്തി. ഈ റെയ്ഡിന്റെ ലക്ഷ്യം പ്രധാനമായും ലഹരിമരുന്നായി ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള ഗുളികകളുടെയും സിറപ്പുകളുടേയും, സിറിഞ്ചുകളുടേയും അനധികൃത വിൽപ്പന പർച്ചേസ് എന്നിവ നടക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുകയായിരുന്നു. ഇപ്രകാരം സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള മരുന്നുകളുടെ അനധികൃത വിൽപ്പന നടത്തുന്നു എന്ന് സംശയിക്കുന്ന ആകെ 122 കടകളിൽ പരിശോധന നടത്തി രേഖകൾ വിശദമായി

പരിശോധിക്കുകയുണ്ടായി. വളരെ ഗുരുതരമായ കുറ്റ കൃത്യങ്ങൾ നടത്തിയെന്ന് തെളിഞ്ഞ കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അരിഷ്ടാസവങ്ങൾ ലഹരി മരുന്നായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ വിഭാഗം അന്വേഷണം നടത്തി നടപടി എടുത്തു വരുന്നുണ്ട്. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ എല്ലാ മാസവും നടത്തുന്ന പരിശോധനകളിൽ എല്ലായ്പ്പോഴും ഇത്തരത്തിലുള്ള മരുന്നുകളുടെ ദുരുപയോഗവും മയക്കമരുന്നായി ഉപയോഗിക്കുവാൻ സാധ്യതയുള്ള മരുന്നുകൾ ആവശ്യത്തിലധികമുള്ള വാങ്ങൽ, വിൽപ്പന എന്നിവ നടക്കുന്നുണ്ടോ എന്ന് സ്ഥിരമായി പരിശോധിക്കുന്നുമുണ്ട്. ഇത്തരത്തിലുള്ള പരാതിയിന്മേലും അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 39587/എഫ്1/2014/ആ.ക.വ. തീയതി 25-11-2014)

(2-7-2015-ലെ യോഗം അംഗീകരിച്ചത്)

## ശിപാർശ

ലഹരി വസ്തുക്കളുടെ വില്പന നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തണമെന്നും ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

## സർക്കാർ സ്വീകരിച്ച നടപടി

ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 24-11-2011 ലെ 34591/ആർ.ഡി3/11/ത.സ്വ.ഭ.വ. നമ്പർ പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങളും ഭക്ഷ്യസുരക്ഷാ വകുപ്പ് പുറത്തിറക്കിയ 25-9-2012 ലെ എ-1327/12/ സി.എഫ്.എസ്. നമ്പർ സർക്കുലർ പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്.

സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭാ പരിധിയിലെ വിദ്യാലയങ്ങൾക്ക് സമീപമുള്ള കടകളിൽ പരിശോധന നടത്തുകയും, മദ്യം, മയക്കമരുന്ന്, മറ്റ് പുകയില ഉല്പന്നങ്ങൾ എന്നിവ വില്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി നഗരസഭാ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 52697/ആർ.ഡി3/14/ത.സ്വ.ഭ.വ. തീയതി 28-9-2015.)

(11.11.2015-ലെ യോഗം അംഗീകരിച്ചത്)

ശിപാർശ

രാത്രികാലങ്ങളിൽ വാഹന പരിശോധന കർശനമാക്കുവാനും, മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുവാനും, ഓടിച്ച വാഹനം കണ്ട് കെട്ടാനും, പിഴ ഈടാക്കാനും, കേന്ദ്ര മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും ശക്തമായ വ്യവസ്ഥകൾ [ആക്ട് സെക്ഷൻ 19, 185; ചട്ടം 21, 21(16)] നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ശക്തിപ്പെടുത്തണമെന്നും, ആൽക്കോമീറ്റർ/ഇന്റർസെപ്റ്റർ ഉപയോഗിച്ചുള്ള പരിശോധന നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

മോട്ടോർ വാഹന നിയമത്തിലെ 185-ാം വകുപ്പിലെയും കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 21(16)-ലെയും വ്യവസ്ഥകൾ പ്രകാരം മദ്യപിച്ച് വാഹനമോടിക്കുന്നതുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ ബ്രെത്ത് അനലൈസർ

വഴിയോ വൈദ്യ പരിശോധന വഴിയോ മദ്യപിച്ചെന്ന് തെളിയിക്കപ്പെട്ടാൽ ഡ്രൈവിംഗ് ലൈസൻസ് നിശ്ചിത കാലയളവിലേക്ക് റദ്ദ് ചെയ്യാനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണറുടെ 21/2008 എന്ന സർക്കുലർ പ്രകാരം എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നത് തടയുന്നതിലേക്കായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ആൽക്കോമീറ്റർ ഉപയോഗിച്ചുള്ള പരിശോധന നടത്തി വരുന്നു. കൂടാതെ കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ധന സഹായത്തോടെ ആൽക്കോ മീറ്ററുകൾ വാങ്ങുന്നതിലേക്കായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇൻർസെപ്റ്റർ വഴിയുള്ള പരിശോധനയിലും മദ്യപിച്ചു വാഹനമോടിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. 2008 മുതൽ 2012 വരെയുള്ള കാലയളവിൽ സംസ്ഥാനമൊട്ടാകെ 8958 പേരുടെ ലൈസൻസ് മദ്യപാനത്തിന്റെ പേരിൽ ഒരു വർഷത്തേക്ക് അയോഗ്യമാക്കിയിട്ടുണ്ട്. പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത ശ്രമത്തിൽ മദ്യപിച്ച് വാഹനമോടിക്കുന്ന ടെമ്പോ, ഓട്ടോ, കാർ, ബസ് ഡ്രൈവർമാരെ പിടികൂടുന്നതിന് 62 തവണ ഓപ്പറേഷൻ നടത്തുകയും 240 പേർ മദ്യപിച്ചതായി കണ്ടെത്തുകയും 220 പേരുടെ ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13688/ബി2/2014/ഗതാ. തീയതി 28.01.2015)

(02.07.2015-ലെ യോഗം അംഗീകരിച്ചത്)

ശിപാർശ

മദ്യത്തിന് പകരം ഇളനീരിന്റെ മഹത്വം ജനങ്ങളെ അറിയിക്കുന്നതിനും ലഹരി രഹിത പാനീയമായ 'നീര' പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വീര്യം കൂടിയ മദ്യത്തിന്റെ വില്പന നിരുത്സാഹപ്പെടുത്തുന്നതിന് വീര്യം കുറഞ്ഞ മദ്യം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വൈനിന്റെയും ബിയറിന്റെയും നികുതി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നാളികേര കർഷകർക്ക് മികച്ച വരുമാനം ഉറപ്പ് വരുത്തുന്നതിനുതകുന്ന നീരയുടെ ഉൽപ്പാദനവും വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു. പദ്ധതിയുടെ മുന്നോടിയായി കർഷകർക്ക് നീര ഉല്പാദനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും "നീര കർഷക സംഗമവും സെമിനാറുകളും" സംഘടിപ്പിച്ചു. സംഗമത്തോടൊപ്പം നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ എക്സിബിഷനും സംഘടിപ്പിച്ചു.

കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയുടെയും (കേരാമൃതം), തെങ്ങിൻ പൂക്കുലയിൽ നിന്ന് കേര ചക്കരയുടെയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾ സംഘടിപ്പിക്കുന്നതിന് 2013-14-ൽ 540.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. (സ.ഉ.(ആർ.റ്റി)നം.1386/13/എ.ഡി. തീയതി 20.07.2013) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 3 ഗവേഷണ കേന്ദ്രങ്ങൾ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തു കൊണ്ട് ഓരോ യൂണിറ്റിലേയ്ക്കും 180.00 ലക്ഷം രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേയ്ക്ക് ആദ്യ ഗഡുവായി 45.00 ലക്ഷം രൂപ 2401-108-30(പ്ലാൻ) ശീർഷകത്തിൽ നിന്നും കാർഷിക സർവ്വകലാശാലയ്ക്ക് 2013-14-ൽ അനുവദിച്ചു നൽകി.

കാർഷിക സർവ്വകലാശാലയിൽ വെള്ളായണി, വെള്ളാനിക്കര, നീലേശ്വരം എന്നിവിടങ്ങളിൽ 3 പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ തുടങ്ങി. നീരയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ലഹരി വിമുക്ത പാനീയം "കേരാമൃതം" എന്ന പേരിൽ വിപണനം ചെയ്യുന്നതിന് കാർഷിക സർവ്വകലാശാല ട്രേഡ് മാർക്ക് അംഗീകാരം നേടിയെടുത്തിട്ടുണ്ട്.

നീരയുടെയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ഉൽപാദനത്തിനും വിതരണത്തിനും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്)നം.160/13 തീയതി 23.09.2013 നികുതി (ജി) വകുപ്പ് പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ(എം.എസ്)നം.17/2014 തീയതി 03.02.2014 പ്രകാരം

നീര ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗരി ഉൽപാദകർ (Bonafide Jaggery Producers), കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, നാളികേര വികസന കോർപ്പറേഷൻ എന്നിവയ്ക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

2014-15-ലെ ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2401-108-30 എന്ന ശീർഷകത്തിൽ 50.00 ലക്ഷം രൂപ അനുവദിച്ച് കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. വൈനിന്റെയും ബിയറിന്റെയും നികുതി കുറയ്ക്കുന്നത് സംബന്ധിച്ച ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് നേരിട്ട് ലഭ്യമാക്കുന്നതിനായി ശിപാർശയുടെ പകർപ്പ് നികുതി വകുപ്പിന് നല്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 25534/എ.എഫ്1/2014/കൃഷി തീയതി 10-2-2015)

(2-7-2015-ലെ യോഗം അംഗീകരിച്ചത്)

## ശിപാർശ

ഓഫീസ് സമയത്ത് മദ്യപിച്ചെത്തുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതലത്തിൽ ശിക്ഷാ നടപടികൾ കർശനമായി എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

## സർക്കാർ സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച് 23.03.2015-ൽ 515/ഉപ.സി2/2015/ഉ.ഭ.പ.വ. നമ്പരായി താഴെപ്പറയുന്ന സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

<u>സർക്കുലർ</u>

വിഷയം: ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - കൃത്യനിർവ്വഹണസമയത്തെ സർക്കാർ ജീവനക്കാർക്കിടയിലെ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ വിലക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 22.08.1977-ലെ 25100/എസ്.ഡി2/77/ജി.എ.ഡി. നമ്പർ സർക്കുലർ.
2. 15.10.1984-ലെ 49674/എസ്.ഡി.2/84/ജി.എ.ഡി. നമ്പർ സർക്കുലർ.
3. 11.07.1995-ലെ ജി.ഒ.(പി) നമ്പർ 239/95/ജി.എ.ഡി.

കേരള സർക്കാർ ജീവനക്കാർ, അവരുടെ ഔദ്യോഗിക കർത്തവ്യനിർവ്വഹണ സമയത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 93 B-യിലും സർക്കാർ ആഫീസുകളിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പുകവലിക്കാൻ പാടില്ല എന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 93 D-യിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ ഓഫീസ് പ്രവൃത്തി സമയത്തും, കൃത്യനിർവ്വഹണം നടത്തുന്ന അവസരങ്ങളിലും കുറച്ചെങ്കിലും ജീവനക്കാർ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ നടപടിയെടുക്കുന്നതിൽ മേലുദ്യോഗസ്ഥർ പലപ്പോഴും വിമുഖത കാണിക്കുന്നുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഫീസ് പ്രവൃത്തി സമയത്തും കർത്തവ്യ നിർവ്വഹണ അവസരങ്ങളിലും സംസ്ഥാന സർക്കാർ ജീവനക്കാർ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടരുതെന്ന പെരുമാറ്റ ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

ഈ വ്യവസ്ഥകൾ ലംഘിക്കുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS(CC &A) ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ നിയമനാധികാരി

കളോടും വകുപ്പദ്ധ്യക്ഷൻമാരോടും നിർദ്ദേശിക്കുന്നു. സർക്കാർ ജീവനക്കാരുടെ ലഹരി പദാർത്ഥങ്ങളുപയോഗിച്ചുകൊണ്ടുള്ള വാഹനം ഓടിക്കൽ, ഓഫീസിലെ മോശമായ പെരുമാറ്റം തുടങ്ങിയവ ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്യുന്നപക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശനനടപടിയെടുക്കണമെന്ന് നിർദ്ദേശിക്കുന്നു. സർക്കാർ ഡ്രൈവർമാർ ലഹരി പദാർത്ഥമുപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി സസ്പെൻഡ്ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാത്ത നിയമനാധികാരികൾ/വകുപ്പദ്ധ്യക്ഷൻമാർക്കെതിരെ ഗുരുതരമായ കൃത്യവിലോപത്തിന് നടപടി സ്വീകരിക്കുന്നതാണ്.

കെ. അജയകുമാർ,
സെക്രട്ടറി.

സർക്കാർ കത്ത് നം. 6818/ഉപ.സി2/2015/ഉ.ഭ.പ.വ. തീയതി 18.05.2015)
(02-07-2015 ലെ യോഗം അംഗീകരിച്ചത്)

## അദ്ധ്യായം II

## (എ) ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | അക്കൗണ്ട് ഹെഡ് | റഫറൻസ് നമ്പരും തീയതിയും | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XVI-പെൻഷനും പലവകയും | 4250-00-800-99-SDF for MLA | 2233/എസ്.സി.ബി1/2015/ധന. തീയതി 21-5-2015 | 7-7-2015 |
| | | 2075-പലവക പൊതു സർവ്വീസുകൾ | 5338/എസ്.ഡബ്ല്യു3/15/പൊ.ഭ.വ. തീയതി 5-6-2015 | 7-7-2015 |
| | | 2075-00-104-99-ജീവൻ രക്ഷാപതക് | 4820/എസ്.എസ്1/15/പൊ.ഭ.വ. തീയതി 8-5-2015 | 7-7-2015 |

| | | | | |
|---|---|---|---|---|
| 2 | XLV-പലവക വായ്പകളും മുൻകൂറുകളും | 7610-സർക്കാർ ജീവനക്കാർക്കും മറ്റുമുള്ള വായ്പകൾ | 5195/സ്പെ.സി2/2015 പൊ.ഭ.വ. തീയതി 24-4-2015 | 7-7-2015<br>29-7-2015 |
| 3 | V- കാർഷികാദായ നികുതിയും വില്പന നികുതിയും | 2040-00-101-99- വാണിജ്യനികുതി ഓഫീസുകൾ<br>2040-00-101-99- ലാ ഓഫീസുകൾ<br>2040-00-101-94- കമ്പ്യൂട്ടർ വൽക്കരണം<br>4059-01-051-75-16 - മേജർ വർക്സ് | 3083/സി3/15/നി.വ. തീയതി 13-7-2015 | 21-7-2015 |
| 4 | X- ട്രഷറിയും അക്കൗണ്ടുകളും | 2054 -ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം - ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് | 2233/പി.എ.സി.എ 3/ 2015/ധന. തീയതി 21-7-2015 | 29-7-2015 |
| 5 | XI -ജില്ലാ ഭരണവും പലവകയും | 2047- നാഷണൽ സേവിംഗ്സ് ഡയറക്ടറേറ്റ് | 2233/പി.എ.സി. എ 3/ 2015/ധന. തീയതി 21-7-2015 | 29-7-2015 |
| 6 | XLIII-നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3604- തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2233/പി.എ.സി. എ 3/ 2015/ധന. തീയതി 21-7-2015 | 29-7-2015 |

(ബി) ചട്ടം 236 (6) പ്രകാരമുള്ള സമയ പരിധിയ്ക്ക് ശേഷം സഭയിൽ സമർപ്പിച്ച 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | അക്കൗണ്ട് ഹെഡ് | റഫറൻസ് നമ്പരും തീയതിയും | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XVI - പെൻഷനും പലവകയും | 2075-00-800-81 | 104050/എഫ്3/ 2014/ആഭ്യന്തരം തീയതി 30-3-2015 | 7-7-2015 |

(സി) ചട്ടം 236 (6) പ്രകാരമുള്ള സമയ പരിധിയ്ക്ക് ശേഷം സഭയിൽ സമർപ്പിച്ച 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | അക്കൗണ്ട് ഹെഡ് | റഫറൻസ് നമ്പരും തീയതിയും | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | VII - മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 2030 - മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 3191/ഇ 3/2015/നി.വ. തീയതി 17-7-2015 | 2-12-2015 |
| 2 | XVI - പെൻഷനും പലവകയും | 2075-00-800-98-31 -98-36 2075-00-103-94-, 93, 92, 91 (സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്) | 1734/ബി2/2015/ കാ.യു.വ തീയതി 21-7-2015 3077/എച്ച്1/2015/ നിവ. തീയതി 29-1-2016 | 2-12-2015 17-2-2016 |
| 3 | VIII - എക്സൈസ് | 2039- സ്റ്റേറ്റ് എക്സൈസ് | 3039/എഫ്3/15/നിവ. തീയതി 28-7-2015 | 2-12 2015 |
| 4 | XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | 3454- സെൻസസ് സർവ്വേയും സ്ഥിതി വിവര കണക്കുകളും | 10063/ബി3/15/ പ്ലാനിംഗ് തീയതി 6-8-2015 | 2-12-2015 |
| 5 | V - കാർഷികാദായ നികുതിയും വില്പന നികുതിയും | 2045- ക്രയ വസ്തുക്കളിലും സേവനങ്ങളിലും ചുമത്തുന്ന മറ്റുനികുതികളും ചുങ്കങ്ങളും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 4809/എ 3/2015/ ഊ.വ. തീയതി 17-8-2015 | 2-12-2015 |

# അദ്ധ്യായം III

## (എ) ബില്ലുകളുടെ പരിശോധന

1. 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ 17.06.2015-ലെ യോഗത്തിൽ സമിതി ഭേദഗതി കൂടാതെ അംഗീകരിക്കുകയും, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 29.06.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2015-ലെ കേരള ധനകാര്യ ബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ)ബിൽ എന്നിവ 22.07.2015-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും 23.07.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## (ബി) ചട്ടങ്ങളുടെ പരിശോധന

(i) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാത അംഗീകരിച്ചു.

| ചട്ടത്തിന്റെ പേര് | അംഗീകരിച്ച തീയതി |
|---|---|
| (i) ദി കേരള സ്റ്റേറ്റ് എംപ്ലോയീസ് ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (അമെന്റ്മെന്റ്) റൂൾസ്, 2015 (സർക്കാർ കത്ത് നം. 41720/ജി.ഐ.എസ്-1/14/ഫിൻ തീയതി 30.04.2015) | 02.07.2015 |
| (ii) ദി കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) അമെന്റ്മെന്റ് റൂൾസ്, 2014 (സർക്കാർ കത്ത് നം.27694/ഇ 2/ 2014/നി.വ. തീയതി 10.04.2014). | 02.07.2015 |

(ii) സമിതി താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതികളോടെ അംഗീകരിച്ചു.

| ചട്ടത്തിന്റെ പേര് | അംഗീകരിച്ച തീയതി |
| --- | --- |
| ദി കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2015. (സർക്കാർ കത്ത് നം.2117I/എഫ്1/07/നി.വ. തീയതി 22.05.2015) | 02.07.2015 |

## (സി) എസ്.ആർ.ഒ.കളുടെ സാധൂകരണം

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനം പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നികുതി വകുപ്പ് സമർപ്പിച്ച വിശദീകരണ കുറിപ്പ് 11.11.2015-ലെ സമിതിയോഗം അംഗീകരിക്കുകയും എസ്.ആർ.ഒ.യ്ക്ക് ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു.

(2015-ലെ കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സർവ്വീസ് ആന്റ് കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം) ഭേദഗതി ചട്ടങ്ങൾ)

(സർക്കാർ കത്ത് നം 1261/എഫ്3/2014/നി.വ. തീയതി 03.07.2015.

ഡോ. ടി. എം. തോമസ് ഐസക്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 22.

## അനുബന്ധം

## 21.04.2015-ലെ യോഗനടപടികുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2015 ഏപ്രിൽ 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. എം.പി. വിൻസെന്റ് എം.എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി.എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ഡോ. കെ.എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ഡോ. ഡബ്ല്യു.ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്.
4. ശ്രീ. കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ശ്രീ. ഇ.കെ. മാജി, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
6. ശ്രീ. ടി. ഭാസി, ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.
7. ശ്രീ. പി.എം. ഫിലിപ്പ്, ഡയറക്ടർ, സ്റ്റേറ്റ് ഇൻഷുറൻസ്.

8. ശ്രീ. കെ.കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.
9. ശ്രീമതി പി.കെ. എലിസബത്ത്, ഡയറക്ടർ, നാഷണൽ സേവിംഗ്സ് വകുപ്പ്.
10. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ട്രഷറി വകുപ്പ്.
11. ശ്രീ. ഇ.ജെ. ജയരാജ്, ഡയറക്ടർ, ലോട്ടറി വകുപ്പ്.
12. ശ്രീ. എം. ഗിരീഷ് കുമാർ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്.
13. ശ്രീ. ഇ.ആർ. രാമചന്ദ്രഭായ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.
14. ശ്രീ. ഇ.കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
15. ശ്രീ. വി. രാജപ്പൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
16. ശ്രീ. വി.കെ. ബാലചന്ദ്ര കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
17. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
18. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
19. ശ്രീമതി പി.പി. സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
20. ശ്രീമതി അനിത കെ.ആർ, ജോയിന്റ് സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
21. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
22. ശ്രീ. പി.എസ്. സുരേഷ്, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതി 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളിൻമേലുള്ള ശീർഷകങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും, ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും സംബന്ധിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ വാണിജ്യ നികുതി ഓഫീസുകളിൽ 2014-15 വർഷത്തെ യാത്രാബത്ത കുടിശ്ശികയിനത്തിൽ 8.5 ലക്ഷം രൂപ ആവശ്യമുള്ളതിനാലും, അടുത്ത വർഷം മുതൽ ചരക്ക സേവന നികുതി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്ര നടത്തേണ്ടതായുള്ളതിനാൽ വിമാനയാത്രാക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ടും യാത്രാബത്ത ഇനത്തിൽ 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2015-16 വർഷത്തേയ്ക്ക് വെള്ളക്കരം ഇനത്തിൽ 12.25 ലക്ഷം രൂപ ആവശ്യമുള്ളതായി വിലയിരുത്തിയ സമിതി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

കെട്ടിട നികുതിയിനത്തിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിനും മറ്റ് ആഫീസുകൾക്കുമായി 70 ലക്ഷത്തോളം രൂപ കുടിശ്ശികയുള്ളതിനാലും, വാടക, കരം, നികുതിയിനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതവും, അധികമായി അനുവദിച്ച തുകയും പൂർണ്ണമായും ചെലവഴിച്ചതിനാലും, വകുപ്പിലേക്ക് 40 വാഹനങ്ങൾ പുതിയതായി വാങ്ങിയതിനാൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും മോട്ടോർവാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാണിജ്യ നികുതി വകുപ്പിന് നിലവിലുള്ള 277 വാഹനങ്ങൾക്ക് പുറമേ 40 പുതിയ വാഹനങ്ങൾ കൂടി വാങ്ങിയതിനാൽ ഇന്ധന ചെലവിനത്തിൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 30 ലക്ഷം രൂപ പി.ഒ.എൽ. ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2016 ഏപ്രിൽ മുതൽ ചരക്ക സേവന നികുതി നടപ്പിലാക്കേണ്ടതിനായി സെർവറുകളുടെ ശേഷി കൂട്ടുന്നതിനും മറ്റ് അനുബന്ധസാമഗ്രികൾ ലഭ്യമാക്കുന്നതിലേക്കുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്തെ കച്ചവടക്കാർക്കുള്ള ക്ഷേമപെൻഷൻ കുടിശ്ശിക, മരണാനന്തര ആനുകൂല്യം, എക്സ്ഗ്രേഷ്യ തുടങ്ങിയവ വിതരണം ചെയ്യുന്നതിനായി 9.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും സംബന്ധിച്ച X-ാം ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് ജില്ലാഭരണവും പലവകയും സംബന്ധിച്ച XI-ാം ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച ചെയ്തു.

ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറുടെ ഓഫീസിൽ ശമ്പളം ഇനത്തിൽ 14.86 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 3.09 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസിന്റെയും വാടക പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2015-16 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ച നൽകുന്നതു മൂലമുള്ള കൂടുതൽ ചെലവ് കണക്കിലെടുത്ത് 5 ലക്ഷം രൂപ പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിന് അധികതുക ആവശ്യമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ശമ്പളപരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലമുണ്ടാകുന്ന അധിക ചെലവിനായി കളക്ടറേറ്റുകൾക്ക് 7.52 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ സമ്പാദ്യ സംഘടന ജില്ലാ ഓഫീസുകളിൽ ശമ്പള പരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയ്ക്കായി 41.83 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2014-15 വർഷത്തെ കടിശ്ശിക ഉൾപ്പെടെ വേതനം കൊടുത്തു തീർക്കാനുള്ള-തിനാൽ വേതനം ഇനത്തിൽ 4.77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ യാത്രാബത്ത, അവധിയാത്രാ ആനുകൂല്യം എന്നിവ നൽകുന്നതിന് 2.23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ സമ്പാദ്യ പദ്ധതിയിൽ ഭവന വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള 49 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 48.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പെൻഷനും പലവകയും സംബന്ധിച്ച XVI-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായി വർദ്ധനവ് ഉണ്ടാകുന്നതിനാലും, 2014 സെപ്റ്റംബറിന് ശേഷം ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും 2015-16-ൽ 1980 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാലും 383 കോടി രൂപ ഏജന്റുമാരുടെ കമ്മീഷൻ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2015-16-ൽ സമ്മാനദാനം ഇനത്തിൽ ഏകദേശം 2400 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 600 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2014-15 സാമ്പത്തിക വർഷം കാരുണ്യാ ബനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം പ്രതിമാസം 3000 വരെയായി വർദ്ധിച്ചതിനാൽ 2015-16 വർഷം 420 കോടി രൂപ ധനസഹായത്തിനായി വേണ്ടിവരുമെന്നതിനാൽ 170 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിനായി 16 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പലവകവായ്പകളും മുൻകൂറുകളും സംബന്ധിച്ച XLV-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് ഭവന നിർമ്മാണ വായ്പകളുള്ള ആയിരത്തിലധികം അപേക്ഷകളും 2015-16 വർഷത്തിൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒരുമിച്ച് 2015-16-ൽ പരിഗണിക്കുന്നതിലേയ്ക്കായി 85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ജില്ലാ ഓഫീസുകൾ-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഹൗസിംഗ് ബോർഡിൽ ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസ് കെ.എസ്.എച്ച്.ബി. ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 1 ലക്ഷം രൂപ വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഇൻഷ്വറൻസ് വകുപ്പിന് സ്റ്റേഷനറി സാധനങ്ങൾക്ക് വില ഈടാക്കുന്നതിനായി 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ വാഹനം മാറ്റേണ്ടതിനാലും 14 ജില്ലാ ഓഫീസുകളിലേയ്ക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതിനാലും മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന്, സമിതി ട്രഷറി പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 1115/സബ്.സി.ഇ 2/15/നി.സെ.)

സമിതി ഉച്ചയ്ക്കുശേഷം 2.40-ന് യോഗം പിരിഞ്ഞു.

## 28-04-2015-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VIII ന്റെ യോഗം 2015 ഏപ്രിൽ 28-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ "5 ഡി" കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫിഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കോവ്വൂർ കുഞ്ഞുമോൻ, എം. എൽ.എ
2. ശ്രീ. പി. ഉബൈദുള്ള, എം. എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ്. വി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീ. അനിൽ സേവ്യർ, എക്സൈസ് കമ്മീഷണർ,

3. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ട്രഷറി വകുപ്പ്.
4. ശ്രീമതി. സാധന. എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. പി.വി. മുരളി കുമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി)
6. ശ്രീ. ജി. ചന്ദ്രമൗലി, മാനേജിംഗ് ഡയറക്ടർ, കണ്ണൂർ എയർപോർട്ട് & ഇ.വി.സി. രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി.
7. ശ്രീ. മുഹമ്മദ് സിയാദ്. എം. എസ്, ജോയിന്റ് എക്സൈസ് കമ്മീഷണർ (ഇ.സി.ആർ.ബി)

സമിതിയുടെ 2015-16 ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ VII, VIII എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

VIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ എക്സൈസ് വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ സമൂഹത്തിൽ നിലവിലുള്ള കടുത്ത മദ്യാസക്തിക്കെതിരെ സമഗ്ര മദ്യ വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് 13.91 കോടി രൂപ മദ്യാസക്തിക്കെതിരായ പ്രചരണം എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തു ന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്ന തിനുമുള്ള ചെലവുകൾക്കായി 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതലും നടക്കുന്നത് റെയ്ഞ്ച് ഓഫീസുകൾ കേന്ദ്രീകരിച്ചായതിനാൽ വാഹനത്തിന്റെ ഇന്ധന ച്ചെലവുകൾക്ക് കൂടുതൽ തുക വേണ്ടിവരുമെന്നതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തികവർഷത്തിൽ കൂടുതൽ ജീപ്പുകൾ വാങ്ങുന്നതിനും ഡെപ്യൂട്ടി കമ്മീഷണർമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, ഫർണിച്ചർ, ഇ.സി.ആർ.ബി. സോഫ്റ്റ്‌വെയർ, ക്യൂബിക്കിൾ, ഡോർമെറ്ററി തുടങ്ങിയവ സജ്ജീകരിക്കുന്നതിനുമായി 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എക്സൈസ് വകുപ്പിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 22 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട ചർച്ചയിൽ, അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക, എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, മിഗ് വിമാനം സ്ഥാപിക്കാനുള്ള പ്ലാറ്റ് ഫോം പണിയുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ നടന്ന ചർച്ചയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് നടത്തേണ്ട ആഘോഷ പരിപാടികൾക്കും, സെമിനാറുകൾക്കും ജില്ലാതല ആഘോഷ പരിപാടികൾക്കുമായി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രജിസ്ട്രേഷൻ ഡി.ഐ.ജി.മാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സബ് രജിസ്ട്രാർ ഓഫീസുകളുടെ ടെലിഫോൺ ചാർജ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സബ് രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈൻഡ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനാലും ഒരു വാല്യത്തിന് 710/- രൂപ നിരക്കിൽ 80,000/-ഓളം വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ ശേഷിക്കുന്നതിനാലും 5.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എറണാകുളം ജില്ലയിലെ കുത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന് ആധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി ഉച്ചയ്ക്ക് ശേഷം 2.45 ന് യോഗം പിരിഞ്ഞു.

## 5.5.2015 ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ യോഗം 2015 മെയ് 5-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ.കെ.എം.മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സന്തോഷ്. വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി.എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട്, 2014-15 സാമ്പത്തിക വർഷത്തെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും, ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.20 ന് പിരിഞ്ഞു.

## 17.06.2015-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2015 ജൂൺ 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ.കെ.എം.മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ.അനൂപ് ജേക്കബും താഴെപ്പറയുന്ന സമിതി അംഗവും തദവസരത്തിൽ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗം:**

ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സന്തോഷ് വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജ്യോതി.എൽ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി ശോഭന എൻ. എ., അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി ഷൈല പി. എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2015 ജൂൺ 8-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത '2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ' സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3.30-ന് യോഗം പിരിഞ്ഞു.

## 02.07.2015-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2015 ജൂലൈ 2-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. വി.ഡി. സതീശൻ, എം.എൽ.എ.
3. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
4. ശ്രീ. എം.പി. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജ്യോതി എൽ., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീ. ഇ.കെ. മാജി, പ്രിൻസിപ്പൽ സെക്രട്ടറി, പി.&എ.ആർ.ഡി.
4. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ധനകാര്യ (ആർ.&ഇ) വകുപ്പ്
5. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീമതി ഷീല കെ.എസ്. സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
7. ശ്രീ. അനിൽ സേവ്യർ, എക്സൈസ് കമ്മീഷണർ.
8. ശ്രീ. ജീവൻ ബാബു കെ. അഡീഷണൽ എക്സൈസ് കമ്മീഷണർ.
9. ശ്രീമതി ജെ.സി. ലീല, ഡയറക്ടർ ഓഫ് ട്രഷറീസ് (ഇൻ-ചാർജ്).
10. ശ്രീമതി പി.കെ. എലിസബത്ത്, ഡയറക്ടർ, നാഷണൽ സേവിംഗ്സ്.
11. ശ്രീ. വി.എം. ഉണ്ണി, ഡെപ്യൂട്ടി ഐ.ജി. ഓഫ് രജിസ്ട്രേഷൻ.
12. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ.
13. ശ്രീ. കലേശൻ എസ്.വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
14. ശ്രീ. ശ്രീകുമാർ എൻ.കെ. അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
15. ശ്രീമതി പി.പി. സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
16. ശ്രീമതി മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
17. ശ്രീമതി എൽ. സിന്ധു, അഡീഷണൽ സെക്രട്ടറി, പി.&എ.ആർ.ഡി.
18. ശ്രീ. ദിലീപ് ഖാൻ എ., ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.
19. ഡോ. എൻ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, ആയുർവേദം.
20. ശ്രീ. എം.കെ. ഭോജൻ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

I (i) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതികളില്ലാതെ അംഗീകരിച്ചു:

(എ) ദി കേരള സ്റ്റേറ്റ് എംപ്ലോയീസ് ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (അമെന്റ്മെന്റ്) റൂൾസ്, 2015.

(ഫയൽ നമ്പർ 2714/സബ്.സി.ഇ 2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ 41720/ജി.ഐ.എസ്.-1/2014/ഫിൻ. തീയതി 30.04.2015)

(ബി) ദി കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) അമെന്റ്മെന്റ് റൂൾസ്, 2014.

(ഫയൽ നമ്പർ 401/സബ്.സി.ഇ 2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ 27694/ഇ 2/2014/നി.വ. തീയതി 10.04.2014)

II സമിതി താഴെപ്പറയുന്ന കരട് ചട്ടം ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ചു:

ദി കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2015.

(ഫയൽ നമ്പർ 3310/സബ്.സി.ഇ 2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ 21171/എഫ്1/07/നി.വ. തീയതി 22.05.2015)

1. ചട്ടം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) The rules except Rule 2(4), shall be deemed to have come into force with effect from 1st January 2015"

2. (1) ചട്ടം 2(4)(c) (i) നീക്കം ചെയ്യുക.

(2) ചട്ടം 2(4)(c)യിൽ '(ii)' എന്നീ അക്കങ്ങളും ചിഹ്നങ്ങളും കാണപ്പെടുന്നിടങ്ങളിൽ നിന്നെല്ലാം അവ നീക്കം ചെയ്യുക.

3. G.O. (P) 26/2011/P&ARD dated 20.08.2011 എക്സ്പ്ലനേറ്ററി നോട്ടിൽ ചേർക്കുക.

II (i) 'എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച്' എന്ന വിഷയം സംബന്ധിച്ച് 21.01.2015-ലെ സമിതിയോഗം അംഗീകരിച്ച ചോദ്യാവലിക്കുള്ള മറുപടി നികുതി വകുപ്പ് ലഭ്യമാക്കിയത്.

(ഫയൽ നമ്പർ 44/സബ്.സി.ഇ 2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ. 5081/എഫ്3/15/നി.വ. തീയതി 20.05.2015)

എക്സൈസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഉത്തര-മധ്യ-ദക്ഷിണ (കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം) എന്നീ മൂന്ന് മേഖലകളിലേയ്ക്കാണ് മൊബൈൽ അനലിറ്റിക്കൽ ലാബുകൾ അനുവദിച്ചിരിക്കുന്നതെന്നും, ദക്ഷിണമേഖലയ്ക്കുള്ള ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും, ഇതിലേയ്ക്ക് ഒരു ജൂനിയർ സയന്റിഫിക് ഓഫീസറെയും ഒരു ലാബ് അസിസ്റ്റന്റിനെയും മാത്രമേ നിയമിച്ചിട്ടുള്ളൂ എന്നും ബാക്കി രണ്ട് മൊബൈൽ ലാബുകൾ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള തടസ്സം ജീവനക്കാർ ഇല്ലാത്തതാണെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. മൊബൈൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തന ക്ഷമമാക്കുവാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും അനധികൃതമായി സ്പിരിറ്റ് കടത്തുന്നവരെപ്പറ്റിയും മറ്റും വിവരം നൽകുന്ന ഇൻഫോർമർക്ക് നൽകുന്നതിനുള്ള സീക്രട്ട് ഫണ്ടിന് 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും, റേഞ്ച് ഓഫീസുകളിൽ വാഹനം വാങ്ങുന്നതിനായി 1.40 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും 30 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും മോഡേണൈസേഷനായി അനുവദിച്ചിട്ടുള്ള 2 കോടി രൂപയ്ക്ക് പുറമേ 4 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ചോദ്യാവലിക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

(ii) മദ്യപാനം മൂലമുണ്ടാകുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ സംബന്ധിച്ച് 06.06.2013, 24.09.2013 എന്നീ തീയതികളിലെ യോഗനിർദ്ദേശപ്രകാരം നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 14544/സബ്.സി.ഇ 2/1994/ലെജി.)

(സർക്കാർ കത്ത് നമ്പർ 12588/ജി2/14/നി.വ. തീയതി 27.06.2015)

Harmful use of Alcohol in Kerala-Social and Economic impact on families and the State എന്ന വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ലഭ്യമാക്കിയ പഠനറിപ്പോർട്ട് സമിതി അംഗീകരിക്കുകയും റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടത്തുന്നതിന് യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തു.

III. 18.02.2014-ലെ യോഗനിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് ലഭ്യമാക്കിയ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

(i) ട്രഷറികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 2438/സബ്.സി.ഇ 2/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 75426/ഇൻഡ് & പി.ഡബ്ല്യു.ബി2/14/ധന. തീയതി 11.03.2015)

(ii) ട്രഷറി നിക്ഷേപങ്ങളുടെ പലിശ സംബന്ധിച്ച്

(ഫയൽ നമ്പർ 2438/സബ്.സി.ഇ 2/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 58018/എസ്.എൽ1/2014/ധന. തീയതി 17.04.2015)

(iii) ദേശീയ സമ്പാദ്യപദ്ധതി സംബന്ധിച്ച്

(ഫയൽ നമ്പർ 2438/സബ്.സി.ഇ 2/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 15444/ഭരണം സി.1/2015/ധന. തീയതി 06.04.2015)

IV. 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യസംരക്ഷണ ആക്ട് നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വർഗ്ഗീസ് മാത്യു സമർപ്പിച്ച നിവേദനം സംബന്ധിച്ച്.

(ഫയൽ നമ്പർ 2946/സബ്.സി.ഇ 2/2015/നി.സെ.)

2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യസംരക്ഷണ ആക്ടിലെ വ്യവസ്ഥകളിന്മേൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് നികുതി വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

V. സമിതി താഴെപ്പറയുന്ന ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു:

(i) മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട് .

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

ഖണ്ഡിക 48 (ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 39587/എഫ്1/2014/ആ.ക.വ. തീയതി 25.11.2014)

ഖണ്ഡിക 55 (ഗതാഗത വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 13688/ബി2/2014/ഗതാ. തീയതി 28.01.2015)

ഖണ്ഡിക 58 (കൃഷി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 25534/എ.എഫ്1/2014/കൃഷി തീയതി 10.02.2015)

ഖണ്ഡിക 60 (ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 23.03.2015 തീയതിയായി പുറപ്പെടുവിച്ച 515/ഉപ.സി.2/2015/ഉ.ഭ.പ.വ. നമ്പർ സർക്കുലർ)

(സർക്കാർ കത്ത് നമ്പർ 6818/ഉപ.സി.2/2015/ഉ.ഭ.പ.വ. തീയതി 18.05.2015)

(ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3243/സബ്.സി.ഇ 2/2014/നി.സെ.)

ഖണ്ഡിക 12 (നികുതി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 3868/ഡി3/2015/ടി.ഡി. തീയതി 18.04.2015)

ഖണ്ഡിക 13 (ഊർജ്ജ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7515/എ 3/2014/ഊ.വ. തീയതി 30.03.2015)

ഖണ്ഡികകൾ 14, 15, 16, 17, 18, 19, 20 (നികുതി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 17458/ഇ 3/2014/നി.വ. തീയതി 22.06.2015)

ഖണ്ഡികകൾ 21, 22 (നികുതി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 3910/എഫ്3/2015/നി.വ. തീയതി 22.04.2015)

ഖണ്ഡികകൾ 23, 24, 57, 58, 59, 60 (ധനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 74516/എസ്റ്റാ.ഡി.2/2014/ധന. തീയതി 06.05.2015)

ഖണ്ഡികകൾ 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, (ധനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 63610/ഭരണം-സി1/2015/ധന. തീയതി 28.05.2015)

ഖണ്ഡിക 39 (ആഭ്യന്തര വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 67007/എഫ്3/2014/ആഭ്യന്തരം തീയതി 01.07.2015)

ഖണ്ഡികകൾ 40, 41, 42, 43, 44, 45, 46, 47, 48 (നികുതി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6976/എച്ച്1/2015/നി.വ. തീയതി 17.04.2015)

ഖണ്ഡികകൾ 50, 51 (റവന്യൂ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 50888/ബി3/2014/റ.വ. തീയതി 26.05.2015)

ഖണ്ഡികകൾ 53, 55 (ധനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 63610/എച്ച്.ബി.എ 2/2014/ധന. തീയതി 4.4.2015)

ഖണ്ഡികകൾ 54, 56 (ധനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 63610/എൽ2/2014/ധന. തീയതി 10.04.2015)

VI. ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 17453/സബ്.സി.ഇ 2/2008/നി.സെ.)

VII. 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും മേൽപരാമർശിച്ചിട്ടുള്ള ഇനം 5(ii) പ്രകാരം സമിതി അംഗീകരിച്ച ഖണ്ഡികകൾ കൂടി ഉൾപ്പെടുത്തിയ രൂപത്തിലുള്ള റിപ്പോർട്ട് ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3243/സബ്.സി.ഇ 2/2014/നി.സെ.)

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 22-7-2015-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ 2015 ജൂലൈ 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 1.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VIII ന്റെ അദ്ധ്യക്ഷൻ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ സംയുക്ത യോഗം ചേർന്നു. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ന്റെ ചെയർമാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, സബ്ജക്ട് കമ്മിറ്റി VIII, V

എന്നിവയിലെ എക്സ് ഒഫീഷ്യോ അംഗം മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, സബ്ജക്ട് കമ്മിറ്റി V ലെ എക്സ് ഒഫിഷ്യോ അംഗം വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരും, താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

സബ്ജക്ട് കമ്മിറ്റി VIII

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ.എ
2. ശ്രീ. പി. ഉബൈദുള്ള, എം. എൽ.എ
3. ശ്രീ. എം.പി. വിൻസെന്റ്, എം. എൽ.എ

സബ്ജക്ട് കമ്മിറ്റി V

ശ്രീ. സി. പി. മുഹമ്മദ്, എം. എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII
2. ശ്രീ. ആർ. മോഹൻദാസ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി II
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി V
4. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ശോഭന എൻ.ഡി, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി സാധന. എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീ. പി.എ. സൈനുദ്ദീൻ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

7. ശ്രീ. പി. കെ. സജൻ കുമാർ, ജോയിന്റ് ഐ.ജി ഓഫ് രജിസ്ട്രേഷൻ

8. ശ്രീ. വി. എം. ഉണ്ണി, ഡി.ഐ.ജി. ഓഫ് രജിസ്ട്രേഷൻ (ലൈസൻസിംഗ്)

9. ശ്രീ. വി. ജെ. ഗോപകുമാർ, ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)

I സമിതി 2015-ലെ കേരള ധനകാര്യബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ബീഡി വ്യവസായം തകർച്ചയെ നേരിടുന്നതുമൂലം ഈ മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്ന ബീഡിത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായതിനാൽ ബീഡി വ്യവസായ മേഖലയ്ക്ക് നികുതി ഇളവ് നൽകുന്നതിന് നടപടിയുണ്ടാകണമെന്നും ഖാദി ഉല്പന്നങ്ങൾക്ക് നികുതി ഈടാക്കുന്ന നടപടി ശരിയല്ലെന്നും, സമിതി അഭിപ്രായപ്പെട്ടു. എന്നാൽ WHO യുടെ ആഹ്വാനപ്രകാരം പുകവലി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ നികുതി ഇളവ് നൽകുന്നത് ആശാസ്യമല്ലെന്നും സാമ്പത്തികമായ പിന്തുണ നൽകിക്കൊണ്ട് അവരെ സംരക്ഷിക്കുന്നതായിരിക്കും ഉചിതമെന്നും ഖാദി എന്ന പേരിൽ മറ്റു സാധനങ്ങളും വിറ്റഴിച്ച് നികുതി ഇളവ് നേടുന്ന പ്രവണതയുണ്ടെന്നും അതിനാൽ അർഹതപ്പെട്ടവർക്കു മാത്രം ആനുകൂല്യം ലഭിക്കുന്ന തരത്തിലുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. ബീഡി, ഖാദി വ്യവസായ മേഖലകളിൽ അർഹതപ്പെട്ടവർക്ക് മാത്രം ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ നികുതി റീഫണ്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്നതിന് വ്യവസായ വകുപ്പുമായി ആലോചിച്ച് ഒരു നിർദ്ദേശം തയ്യാറാക്കണമെന്ന് സമിതി നികുതി വകുപ്പിനോട് നിർദ്ദേശിച്ചു.

2015-ലെ കേരള ധനകാര്യബില്ലിലെ 1, 2, 4, 9, എന്നീ ഖണ്ഡങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. അപ്രകാരം അവതരിപ്പിക്കപ്പെട്ട ഔദ്യോഗിക ഭേദഗതികൾ ചർച്ച ചെയ്തു ശേഷം സമിതി പ്രസ്തുത ഭേദഗതികളോടെ 2015-ലെ കേരള ധനകാര്യബിൽ അംഗീകരിക്കുകയുണ്ടായി.

Clause I

For clause I, the following shall be substituted, namely:-

" 1. Short title and commencement - (1) This Act may be called the Kerala Finance Act, 2015.

(2) Save as otherwise provided in this Act:-

(i) clause (b) of sub-section (2), sub-clauses (vii) and (xiii) of clause (a) of sub-section(19) and sub-clause (i) of clauses (d)of sub-section (19)of section 9 shall be deemed to have come into force on the 1st day of April, 2005.

(ii) sub-clause (iv) of clause (c) of sub-section (19) of section 9 shall be deemed to have come into force on the 19th day of July,2011.

(iii) clause (a) of sub-section (2) of section 4, item (c) of sub-clause (v)of clause (a) and entry 7A of sub-clause (ii) of clause (b) of sub-clause (19) of section 9 shall come into force at once.

(iv) the remaining provisions of this Act shall be deemed to have come into force on the 1st day of April 2015."

Clause 2

For section 31A of the Travancore- Cochin Literary, Scientific and Charitable Societies Registration Act, 1955 (XII of 1955) proposed to be inserted by clause 2 of the Bill, the following section shall be substituted, namely:-

" 31 A. One time settlement of arrears of fees due under the Act - Any delay in filing of returns, forms, annual statements, accounts and other statements of a society may be condoned and the filing of the said documents may be regularised on payment of a fine of five hundred rupees in respect of each year of delay in filing any or all of the same. Application for regularisation shall be filed on or before 31st December, 2015. However the Government may extend the period of filing the application to such further period as may be specified from time to time."

Clause 4

(1) In the entry in column (3) in clause (g), in serial number 5 of the Schedule to the Kerala Stamp Act, 1959 (17 of 1959) proposed to be inserted by item (b) of sub-clause (1) of clause 4 of the Bill for the words " Five hundred rupees" the words " Two hundred rupees" shall be substituted.

(2) for sub-clause (2) of clause 4 the following sub-clause shall be substituted, namely:-

in serial number 24,

(a) in clause (i), in column (2), for the words, " One hundred rupees" the words " Five hundred rupees" shall be substituted :

(b) in clause (ii), in column (3), for the words, " One hundred rupees" the words " Five hundred rupees" shall be substituted.

Clause 9

(1) For the eleventh proviso to sub-section (1) of section 6 of the Kerala Value Added Tax Act, 2003 (30 of 2004), proposed to be inserted by sub-item (iii) of item (a) of sub-clause (2) of clause 9 of the Bill, the following proviso shall be substituted namely:-

" Provided also that the turnover relating to the sale of Natural Gas in any form shall be exempted from tax, for the period from 4th February, 2015 to 31st March, 2016.

(2)For the proviso inserted by item (b) of sub-clause (4) of clause 9 of the Bill, the following proviso shall be substituted, namely:-

" Provided that notwithstanding anything contained in this Act or rules made thereunder, a dealer may opt to pay tax under this sub-clause, subject to eligibility, for the periods prior to 2015-16, whether such dealer has registered under this Act or not."

(3) in sub-clause (4) of clause 9, after item (b), the following item shall be inserted:

" (c) after clause (h), the following clause shall be inserted namely:

(i) any dealer who is a multi-level marketing entity may, at his option, pay, in such manner and subject to such conditions and restrictions as may be prescribed, in lieu of the tax payable by him on such goods under sub-section (1) of section 6, the tax at the schedule rate applicable to goods, of the maximum retail price of such goods:

Provided that the provision of this clause shall not apply to such goods sold by multi-level marketing entities otherwise than by way of multi-level marketing;

Provided further that notwithstanding anything contained in section 6 and Section 15, if multi-level marketing entities pay tax on maximum retail price under this provision, subsequent dealers in the chain shall not be liable to take registration and shall be exempted from payment of tax on such goods."

(4)in sub-clause (19),-

(I) for sub-item (v) of item (a) the following shall be substituted, namely:-

" (v) in serial number 18,-

(a) item (4) and the entries against it in columns (2) and (3) shall be omitted;

(b) for item (5) and entries against it in columns (2) and (3), the following item and entries shall, respectively, be substituted, namely:-

" (5). Nylon ropes, polyester ropes, polyester twines, other plastic ropes and twines sold by Matsyafed, Theeramythri Units approved by Government and Fishermen Co-Operative Societies.

(c) item (6) and the entries against it in columns (2) and (3) shall be omitted;"

(ii)in sub-item (I) of item (b) before the word " bullion" the words " or gold" shall be inserted and for the words " within the State" , the words " by those agencies and its subsequent sale by dealers within the State" . shall be substituted.

(iii) (a) in item (b), the serial numbers proposed to be inserted by sub-item (ii) shall be renumbered as 8, 9, 10, 11 and 12 and before the serial numbers so renumbered , the following serial numbers and entries against it in columns (2) and (3) shall be inserted, namely:

" 7A.Embroidery or Zari articles, that is to say, imi, Zari, kasab, Saima, dabka, chumki, gota, sitara, naqsi, kora, glass bead, badial

| | |
|---|---|
| (1) Embroidery without visible ground | 5810.10.00 |
| (2) Other embroidery of cotton | 5810.91.00 |
| (3) Embroidery or man-made fibres | |
| (a) Embroidered badges motifs and the like | 5810.92.10 |
| (b) other embroidered articles | 5810.92.90 |
| (4) Embroidery of other textile materials | 5810.99.00 |
| (5) Zari article | ****** |

(b) for sub-item (v) the following shall be substituted:-

" (v) after serial number 99 and the entries against it in columns (2) and (3), the following serial number and entries shall, respectively, be inserted, namely:-

" 99A. Polyester rope, Polyster twine and other plastic ropes and twines not included in the First Schedule.

*******

II 2015 ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

ഖണ്ഡം 1

1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" I. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഖണ്ഡം 2

2-ാം ഖണ്ഡത്തിലെ 3 എയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" 3 എ. ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം- ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ ആദിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റേതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാനസ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടേയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കാവുന്നതാണ്."

സമിതി ഉച്ചയ്ക്ക് ശേഷം 1.30 ന് യോഗം പിരിഞ്ഞു.

## 2015 നവംബർ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII, 2015 നവംബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാന്റെ അഭാവത്തിൽ

എക്സ്-ഒഫീഷ്യോ അംഗം ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ് വി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ജ്യോതി എൽ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. എം. ബീന, സെക്രട്ടറി, ആയുഷ് & സെക്രട്ടറി-ഇൻ-ചാർജ്, ആരോഗ്യ വകുപ്പ്
2. ശ്രീ. കെ.സി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. ഡി. സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
4. ശ്രീ. സുരേഷ് കുമാർ വി.എസ്. അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
5. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. ജീവൻ ബാബു കെ, അഡീഷണൽ കമ്മീഷണർ, എക്സൈസ് വകുപ്പ്.
7. ഡോ. തോമസ് ഐപ്പ്, പ്രൊഫസർ ഓഫ് ന്യൂറോളജി, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവനന്തപുരം.
8. ഡോ. വിജയകുമാർ കെ., പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ.
9. ഡോ. വിധുകുമാർ. കെ, അഡീഷണൽ പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവനന്തപുരം.

I സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ.യ്ക്ക് ഭേദഗതികളില്ലാതെ സാധൂകരണം നൽകി. 2015-ലെ കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സർവ്വീസ് ആന്റ് കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം) ഭേദഗതി ചട്ടങ്ങൾ.

(എസ്.ആർ.ഒ. നം. 191/2015)
(ഫയൽ നം. 4614/സബ്.സി.ഇ 2/2015/ നി.സെ)
(സർക്കാർ നമ്പർ കത്ത് 1261/എഫ്3/2014/നി.വ. തീയതി 3-7-2015)

II മദ്യാസക്തിക്കും മയക്കമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/ പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിലെ 51-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നം. 3993/സബ്.സി.ഇ 2/2014/നി.സെ)

(സർക്കാർ കത്ത് നമ്പർ 52697/ആർ.ഡി.3/14/ത.സ്വ.ഭ.വ. തീയതി 28.09.2015)

III 'Harmful use of Alcohol in Kerala - Social and Economic Impact on Families and the State' എന്ന വിഷയം സംബന്ധിച്ച് കേരള ആൽക്കഹോൾ സ്റ്റഡി ടീം നടത്തിയ പഠന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്യുകയുണ്ടായി.

(ഫയൽ നം. 4991/സബ്.സി.ഇ 2/2015/നി.സെ)

(സർക്കാർ കത്ത് നമ്പർ 12588/ജ12/14/നി.വ. തീയതി 27.06.2015)

മദ്യപാനം മൂലമുണ്ടാകുന്ന സാമൂഹിക സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII പഠനം നടത്താനിടയായ സാഹചര്യം ആമുഖമായി സമിതി അദ്ധ്യക്ഷൻ വിശദീകരിച്ചു.

സബ്ജക്ട് കമ്മിറ്റി VIII, 3-11-1994-ൽ പ്രസ്തുത വിഷയം പരിഗണിക്കുകയും അതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ലഭ്യമാക്കിയ പഠന റിപ്പോർട്ട് 24.10.2011 ലെ യോഗം പരിഗണിച്ചെങ്കിലും ആയത് തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. തുടർന്നുള്ള സമിതിയുടെ പല യോഗങ്ങളിലും ഈ നിർദ്ദേശം ഉയർന്നുവന്ന സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി കൺവീനറായും ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളായും ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത വിഷയം പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് 6-6-2013-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 15.10.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സമിതി രൂപീകരിച്ചതായും തുടർന്ന് പഠനം നടത്തുന്നതിനായി മെഡിക്കൽ കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ പ്രൊഫസർ ഡോ. വിജയകുമാർ കെ., ഡോ. രമാദേവി എസ്. എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റിയ്ക്ക് 25.11.2013-ലെ ഉത്തരവ് പ്രകാരം രൂപം നൽകിയതായും പ്രസ്തുത പഠന ടീം തയ്യാറാക്കിയ റിപ്പോർട്ടാണിതെന്നും സമിതി അദ്ധ്യക്ഷൻ അറിയിച്ചു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബിവറേജസ് കോർപ്പറേഷനിൽ നിന്നാണ് നൽകിയിരുന്നതെന്നും, പഠനറിപ്പോർട്ട് 2-7-2015-ൽ അംഗീകരിച്ചെങ്കിലും പ്രസ്തുത റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടത്തുന്നതിനാണ് ഇന്ന് യോഗം ചേരുന്നതെന്നും അദ്ദേഹം കൂട്ടിചേർത്തു.

ധനകാര്യവകുപ്പ് സെക്രട്ടറിയും നികുതിവകുപ്പ് സെക്രട്ടറിയും എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുമായി നിരന്തരം നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തുന്നതിനുള്ള മെത്തഡോളജിയും ഒബ്ജക്ടീവും രൂപപ്പെടുത്തിയതെന്ന് സ്റ്റഡി ടീം അംഗം സമിതിയെ അറിയിച്ചു.

തുടർന്ന് പഠനം നടത്തുന്നതിന് അവലംബിച്ച രീതികൾ അദ്ദേഹം സമിതി മുൻപാകെ വിശദീകരിച്ചു. തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിലെ 3006 വ്യക്തികളെയാണ് പഠനവിധേയമാക്കിയതെന്നും ക്ലസ്ററർ

സാമ്പിളിംഗ് രീതിയിൽ ഓരോ ജില്ലയിലും ആയിരം വ്യക്തികളെ വീതം 40 ക്ലസ്റ്ററുകളിൽ നിന്നും തെരഞ്ഞെടുത്ത് അവരിൽ നിന്നും വീടിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ ആദ്യം ശേഖരിക്കുകയും, അതോടൊപ്പം മദ്യപിക്കുന്നവരും മദ്യപിക്കാത്തവരും തമ്മിലുള്ള വ്യത്യാസം, മദ്യപാനം ആരോഗ്യത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നത്, ഇത്തരം കുടുംബങ്ങളിലെ കുട്ടികളുടെ അവസ്ഥ എന്നിവയ്ക്കായി പ്രത്യേകം ചോദ്യാവലികളും മദ്യത്തിന്റെ ഉപയോഗം എത്രത്തോളം ഹാനികരമാണെന്ന് അറിയുന്നതിന് ലോകാരോഗ്യസംഘടനയുടെ ഓഡിറ്റ് എന്നുപറയുന്ന ചോദ്യാവലിയും നൽകിയാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതെന്നും ഗുണനിലവാരമുള്ള പഠനത്തിനായി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആളുകളിൽ നിന്നുള്ള വിവരങ്ങളും ഈ വിഷയത്തിൽ ലഭ്യമായ സെക്കണ്ടറി ഡാറ്റയും ശേഖരിച്ചിരുന്നുവെന്നും, കൂടാതെ ലഭിക്കുന്ന വിവരങ്ങൾ ശരിയാണോ എന്ന് സൂപ്പർവൈസർമാർ ഉറപ്പാക്കുകയും ചെയ്തിരുന്നുവെന്നും സ്റ്റഡി ടീം അംഗം വിശദീകരിച്ചു.

ക്യാൻസറുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയോ എന്നും, ക്യാൻസറിന് കാരണം മദ്യപാനമാണെന്ന് ചർച്ച നടക്കുന്നുണ്ടെന്നും ആയതിന്റെ ശാസ്ത്രീയവശം എന്താണെന്നും സമിതി ആരാഞ്ഞതിന് പഠനവിധേയമാക്കിയ മൂവായിരം പേരിൽ വളരെ കുറച്ചുപേർ മാത്രമേ ക്യാൻസർ ബാധിതരായിരുന്നുള്ളൂ എന്നും പകരാത്ത രോഗം എന്ന വിഭാഗത്തിൽപ്പെടുത്തിയാണ് ക്യാൻസർ രോഗസാധ്യത സംബന്ധിച്ച വിശകലനം നടത്തിയിട്ടുള്ളതെന്നും അതിൽ ചെറിയ തോതിൽ സാധ്യത കൂടുതലാണ് എന്നുള്ള ഫലമാണ് ലഭിച്ചിരിക്കുന്നതെന്നും സ്റ്റഡി ടീം അംഗം മറുപടി നൽകി.

ആകെ 3131 വീടുകൾ സന്ദർശിച്ച് അതിൽ നിന്നും 3006 വ്യക്തികളെയും അവരുടെ പങ്കാളികളെയും കുട്ടികളെയും പഠനവിധേയമാക്കിയതിൽ കോട്ടയം ജില്ലയിലാണ് മദ്യത്തിന്റെ ഉപഭോഗം ഏറ്റവും കൂടുതലെന്നും കൂടുതൽ മദ്യപിക്കുന്നവർ കുറച്ച് മദ്യപിക്കുന്നവർ എന്നിങ്ങനെ തരംതിരിച്ചാണ് പഠനം നടത്തിയതെന്നും,

മദ്യപിക്കുന്നവർ കൂടുതലായും ഒരു പ്രത്യേക ബ്രാന്റ് ഉപയോഗിക്കുന്നതായും ഹാനികരമല്ലാത്ത വിധത്തിലുള്ള മദ്യ ഉപയോക്താക്കൾ കൂടുതലും വീടുകളിൽ മദ്യപിക്കുന്നവരാണെന്നും വിസ്കി, ബിയർ എന്നിവയാണ് അവർ കൂടുതലായി ഉപയോഗിക്കുന്നതെന്നും പൊതുസ്ഥലങ്ങളിലും മദ്യശാലകളിലും അമിത മദ്യപൻമാരെയാണ് കാണുന്നതെന്നും, മദ്യത്തിന്റെ ഉപഭോഗത്തിൽ നഗര-ഗ്രാമ വ്യത്യാസം വലുതായി കാണുന്നില്ലെന്നും എന്നാൽ പട്ടികവർഗ്ഗ തീരദേശ മേഖലകളിൽ മദ്യ ഉപഭോഗം വളരെ കൂടുതലായി കണ്ടുവരുന്നുവെന്നും അമിത മദ്യപന്മാരും മിത മദ്യപന്മാരും മദ്യം ഉപയോഗിക്കാത്തവരും തമ്മിലുള്ള രോഗസാധ്യതാ വിശകലനത്തിൽ ക്യാൻസർ, ഹൈപ്പർ ടെൻഷൻ, കാർഡിയോ വാസ്കുലർ ഡിസീസ്, ഡയബറ്റിസ് എന്നീ രോഗങ്ങളുടെ കാര്യത്തിൽ രോഗസാധ്യത മദ്യത്തിന്റെ അമിത ഉപയോഗവുമായി ബന്ധപ്പെട്ടതാണെന്ന കണ്ടെത്തലാണ് ലഭിച്ചിട്ടുള്ളതെന്നും എപ്പോഴും ഉപയോഗിക്കുന്നവർ ഒരിക്കലും ഉപയോഗിക്കാത്തവർ എന്നീ വിഭാഗങ്ങളിൽ നിത്യഉപഭോക്താക്കളിൽ ഡയബറ്റിസ്, ഹൈപ്പർ ടെൻഷൻ, അസിഡിറ്റി, അൾസർ തുടങ്ങിയവ കൂടുതലായി കാണപ്പെടുന്നുവെന്നും സ്റ്റഡി ടീം അംഗം വിശദീകരിച്ചു. തുടർന്ന് പഠന റിപ്പോർട്ടിന്റെ ഏകദേശരൂപം സമിതി മുമ്പാകെ വിവരിച്ചു.

പുകയിലയുമായി താരതമ്യം ചെയ്യുമ്പോൾ പുകയിലയുടെ അത്രയും ദോഷം മദ്യത്തിനില്ലെന്നും, മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നത് അമിത മദ്യപാനത്തെ കുറയ്ക്കാൻ സഹായിക്കുമെന്നും, ബാറുകൾ പൂട്ടുമ്പോൾ മദ്യത്തിന്റെ ലഭ്യത കുറയുന്നില്ലെന്നും, ആൾക്കഹോളിന്റെ അളവ് കുറവുള്ള മദ്യം കൂടുതൽ ജനകീയമാക്കുന്നത് എത്രത്തോളം വിജയിക്കുമെന്നറിയില്ലെന്നും അമിത മദ്യപന്മാരെ കണ്ടെത്തി ഡീ അഡിക്ഷനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നും, ഇപ്പോൾ പ്രവർത്തിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകളുടെ ഗുണനിലവാരം ഈ പഠനത്തിന്റെ ഭാഗമായി വിലയിരുത്തിയിരുന്നതാണെന്നും, ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും, സ്കൂൾ കുട്ടികൾക്ക് സ്വീകാര്യമായ വിധത്തിൽ മദ്യവിരുദ്ധ ബോധവൽക്കരണം നടത്തണമെന്നും, പല രാജ്യങ്ങളിലും 18 വയസ്സിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുമെങ്കിലും 25 വയസ്സുവരെ മദ്യപിച്ച് വാഹനമോടിച്ച് പിടിക്കപ്പെടുന്നപക്ഷം ലൈസൻസ് റദ്ദുചെയ്യുകയും ലൈസൻസ് നൽകാതിരിക്കുകയും ചെയ്യുന്നതായും മദ്യപിച്ച് വാഹനമോടിക്കുന്നവരെ തടയുന്നതിനുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ലെന്നും മദ്യവിരുദ്ധ ബോധവൽക്കരണം ഒരു ഏജൻസി സ്ഥിരമായി മോണിറ്റർ ചെയ്യുന്നത് നല്ലതായിരിക്കുമെന്നും മദ്യം വിൽക്കുന്ന ദിവസങ്ങളുടെ എണ്ണവും വിൽക്കുന്ന സമയവും ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ് എന്നത് കൃത്യമായി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നും സ്റ്റഡി ടീം അംഗം സമിതി മുൻപാകെ ബോധിപ്പിച്ചു.

പഠനത്തിനായി തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം സമിതി ആരാഞ്ഞതിന് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ഏറ്റവും കൂടുതൽ മദ്യം വിൽക്കുന്നതും ഏറ്റവും കുറച്ച് മദ്യം വിൽക്കുന്നതും ശരാശരി മദ്യം വിൽക്കുന്നതുമായ മൂന്ന് ജില്ലകളെയാണ് തെരഞ്ഞെടുത്തതെന്ന് സ്റ്റഡി ടീം അംഗം മറുപടി നൽകി.

2014 ജനുവരി 1 മുതൽ 2014 നവംബർ 30 വരെയുള്ള 11 മാസക്കാലയളവിനുള്ളിൽ കേരളത്തിലെ കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത് 52856 കേസുകളാണെന്നാണ് നിയമസഭാ ചോദ്യത്തിന് മറുപടി ലഭിച്ചതെന്ന് സമിതി അംഗം അറിയിച്ചു. എന്നാൽ 2001-ൽ അയ്യായിരത്തിൽ താഴെയും 2010-ൽ പതിനായിരത്തിൽ താഴെയുമായിരുന്നു കേസുകളെന്നും, കേരളത്തിൽ ഏറ്റവും കൂടുതൽ വിവാഹമോചന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എറണാകുളം ജില്ലയിലാണെന്നും, രണ്ടാം സ്ഥാനം തിരുവനന്തപുരം ജില്ലയ്ക്കാണെന്നും ഏറ്റവും കുറവ് വയനാട് ജില്ലയിലാണെന്നും

നിരീക്ഷിച്ച സമിതി മദ്യത്തിന്റെ കാര്യത്തിൽ പഠനവിധേയമാക്കേണ്ട ഒരു ജില്ലയാണ് വയനാടെന്നും പല മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു

കേരളത്തിൽ ആളോഹരി വരുമാനം ഏറ്റവും കുറവുള്ള വയനാട് ജില്ലയിൽ കൃഷിയാണ് പ്രധാനപ്പെട്ട വരുമാന മാർഗ്ഗമെങ്കിൽ ആളോഹരി വരുമാനം ഏറ്റവും കൂടുതലുള്ള എറണാകുളത്ത് കൃഷി ഒരു പ്രധാന വരുമാനമാർഗ്ഗമല്ലെന്നും, കൃഷിക്കാർ അവലംബിക്കുന്ന മൂല്യങ്ങൾ മറ്റ് വരുമാന മാർഗ്ഗത്തിൽ ജീവിക്കുന്നവർക്ക് കാത്തുസൂക്ഷിക്കാൻ കഴിയുന്നില്ലെന്നും, ശബരിമല സീസൺ ആരംഭിക്കുന്നതോടെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മദ്യത്തിന്റെ ഉപഭോഗം വളരെ കുറയുന്നുവെന്നും കേരളത്തിൽ മണ്ഡലകാലത്ത് പോലും മദ്യത്തിന്റെ ഉപഭോഗം കുറയുന്നതായി കാണുന്നില്ലെന്നും സമിതി നിരീക്ഷിച്ചു.

സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്. എന്നിവ കൂട്ടിയോജിപ്പിച്ച് അദ്ധ്യാപകരും രക്ഷകർത്താക്കളും ചേർന്ന് ഒരു മോഡൽ പ്രോജക്ട് കേരളത്തിലെ കുറച്ച് സ്കൂളുകളിലും കോളേജുകളിലുമെങ്കിലും ആരംഭിക്കേണ്ടതാണെന്നും, ആഭ്യന്തര വകുപ്പും ആരോഗ്യവകുപ്പും സാമൂഹ്യനീതി വകുപ്പും കേരളത്തിൽ മദ്യവിരുദ്ധ പ്രവർത്തനം നടത്തുന്ന സംവിധാനങ്ങളും ചേർന്നതായിരിക്കണം മോഡൽ പ്രൊജക്ട് എന്നും മദ്യഉപഭോഗത്തിൽ നിന്ന് കുട്ടികളെ അകറ്റി നിർത്തുന്നതിനുള്ള മാർഗ്ഗമാണ് കണ്ടെത്തേണ്ടതെന്നും, മദ്യപിച്ച് വീടുകളിൽ വന്ന് ബഹളം ഉണ്ടാക്കുന്നവരുടെ കാര്യത്തിൽ കുറച്ചുകൂടി കർശനമായ ഒരു നിയമം ആവശ്യമാണെന്നും, മദ്യപാനത്തിലൂടെ ദാമ്പത്യജീവിതം തകരുകയാണെങ്കിൽ മദ്യപാനിയുടെ സ്വത്തിൽ നിന്നും എതിർകക്ഷിക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിയമ വ്യവസ്ഥ കൊണ്ടുവരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. മദ്യപിച്ച് വാഹനമോടിച്ചാൽ ലൈസൻസ് റദ്ദുചെയ്യാൻ കേരളത്തിൽ നിയമം

അനുശാസിക്കുന്നില്ലെന്നു കണ്ടെത്തിയ സമിതി നിയമം കർക്കശമാക്കണമെന്നും തീരപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും താമസിക്കുന്നവരെ അമിത മദ്യപാനത്തിൽ നിന്നും പിന്തിരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിലയിരുത്തി.

വീര്യം കുറഞ്ഞ മദ്യം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ മദ്യപാനത്തിന്റെ ആഘാതം കുറയ്ക്കാൻ കഴിയുമെന്നും, ആയതിനാൽ വീര്യം കുറഞ്ഞ നീരപോലുള്ള പാനീയങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

മദ്യവുമായി ബന്ധപ്പെട്ട് കേരളത്തിലുള്ള കാഴ്ചപ്പാടും അമിതമദ്യപാനവും ലോകത്തെവിടെയുമില്ലെന്നും, മറ്റ് രാജ്യങ്ങളിൽ മദ്യപാനം കാലാവസ്ഥയുമായി ബന്ധപ്പെട്ടതാണെന്നും എന്നാൽ കേരളത്തിൽ ലഹരിക്കുവേണ്ടിയാണ് മദ്യം ഉപയോഗിക്കുന്നതെന്നും സമിതി വിലയിരുത്തി. പുകയില നിരോധന നിയമത്തോടൊപ്പം പുകവലി ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കിയതാണ് പുകവലി നിയന്ത്രിക്കാൻ സഹായകമായതെന്നും ഇത്തരത്തിൽ അമിത മദ്യപാനം ക്യാൻസർ ഉൾപ്പെടെയുള്ള കരൾ രോഗങ്ങൾക്ക് ഇടയാക്കിയേക്കുമെന്ന തരത്തിൽ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നാൽ ജനങ്ങളെ മദ്യപാനത്തിൽ നിന്നും പിന്തിരിപ്പിക്കാൻ കഴിയുമെന്നും. ക്യാൻസർ രോഗം വരുന്നതിൽ മദ്യത്തിന് വലിയ പങ്കുണ്ടെന്ന ക്യാൻസർ രോഗ വിദഗ്ധരുടെ അഭിപ്രായം ശാസ്ത്രീയമായി തെളിയിക്കാൻ സാധിച്ചാൽ ജനങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമെന്നും സമിതി പ്രത്യാശ പ്രകടിപ്പിച്ചു.

മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും 720 ഹോട്ടലുകളിൽ ഇപ്പോൾ വിദേശമദ്യമില്ലെന്നും ബിവറേജസ് ഔട്ട് ലെറ്റുകൾ ഓരോ വർഷവും 10 ശതമാനം വീതം പൂട്ടുകയാണെന്നും 78 എണ്ണം പൂട്ടിക്കഴിഞ്ഞതായും ബാർ പൂട്ടിയതുകൊണ്ട് 18 ശതമാനം മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതായും

ആസന്നഭാവിയിൽ ഒരു വലിയ മാറ്റമുണ്ടാകുമെന്നും സമിതി അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു. മദ്യപാനികളിലെ മദ്യാസക്തി കണ്ടെത്തി അവരെ അതിൽ നിന്നും മുക്തരാക്കുന്നതിനായി സാമൂഹ്യ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് പ്രവർത്തനം നടത്താവുന്നതാണെന്നും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ മദ്യവിമോചനത്തിന് 'സുബോധം' എന്ന ഒരു പദ്ധതി ആസൂത്രണം ചെയ്തുവരികയാണെന്നും തീരദേശ മേഖലകൾക്കും വയനാട് ഉൾപ്പെടെയുള്ള പിന്നാക്ക ജില്ലകൾക്കുമാണ് അതിൽ ഏറ്റവും പ്രാധാന്യം കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്നും, ലഹരി വിമുക്ത ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനും ഇതുവഴി ലക്ഷ്യമിടുന്നുണ്ടെന്നും, ഗവൺമെന്റ് നേരിട്ട് ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുപകരം സ്വകാര്യമേഖലയിലും മറ്റ് മേഖലകളിലുമുള്ളവരെ സഹായിക്കുക എന്നുള്ളതാണ് ലക്ഷ്യമിടുന്നതെന്നും സ്കൂൾ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി ബോധവൽക്കരണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും, എൻ.സി.സി., എൻ.എസ്.എസ്, എസ്.പി.സി. തുടങ്ങിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രചരണം നടക്കുന്നുണ്ടെന്നും, കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും കോളേജുകളിലും മറ്റ് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ക്ലബ്ബുകൾക്കും വോളണ്ടിയർക്കും സമ്മാനം പ്രഖ്യാപിച്ചിട്ടുണ്ടെന്നും മദ്യം വാങ്ങുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള പ്രായപരിധി 21 വയസ്സ് ആക്കി നിശ്ചയിച്ചിട്ടുണ്ടെന്നും മദ്യവില്പന രാവിലെ 6 മുതൽ രാത്രി 12 മണിവരെ എന്നുള്ളത് അഞ്ചര മണിക്കൂർ വെട്ടിക്കുറച്ചതായും, ഒരാൾക്ക് കൈവശം വയ്ക്കാമായിരുന്ന മദ്യം 29 ലിറ്റർ എന്നത് 14.7 ലിറ്ററായും വിദേശമദ്യം 3 ലിറ്ററായും കുറച്ചതായും, ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യപരവും കുടുംബപരവുമായ പ്രശ്നങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നും സമിതി അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

കൈവശം സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിൽ കൂടുതൽ മദ്യം കൈവശം വയ്ക്കുന്നത് കുറ്റകരമാണെന്നും, കേരളത്തിൽ ധാരാളം വീടുകളിൽ ബാർ ഉണ്ടെന്നും, പല പരിപാടികൾക്കും മദ്യം ഉപയോഗിക്കുന്നുവെന്നും ഇത്തരം കുറ്റങ്ങൾക്ക് പിഴ ചുമത്തണമെന്നും കർശനമായ നിയന്ത്രണ മേർപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിൽ നികുതി ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്ന ഒരിനമാണ് മദ്യമെന്നും, എന്നാൽ മദ്യത്തിനെതിരായുള്ള ബോധവൽക്കരണത്തിനും മദ്യം മൂലമുണ്ടാകുന്ന അപകടങ്ങളുടെ നഷ്ടപരിഹാരത്തിനുമായി നികുതിയിനത്തിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പണം ചെലവഴിക്കുന്നതുകൊണ്ട് സർക്കാരിന് നഷ്ടമാണുള്ളതെന്നും, മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന് പ്ലസ്ടു തലംവരെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും മദ്യ ഉപഭോഗത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ വളർച്ച വേഗത്തിലായതിന് പ്രത്യേകമായി എന്തെങ്കിലും കാരണമുണ്ടോയെന്ന് പരിശോധിക്കണമെന്നും, സിനിമ, ടി.വി., സോഷ്യൽ മീഡിയ, മറ്റ് മാധ്യമങ്ങൾ എന്നിവയിലൂടെ മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതു സമൂഹത്തെ ബോധവൽക്കരിക്കുകയും മദ്യ ഉപഭോഗത്തിന്റെ അളവ് കുറച്ചുകൊണ്ടുവരികയും ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി, മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി ഉയർന്ന സമ്മാനത്തുക ഏർപ്പെടുത്തിക്കൊണ്ട് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാറുണ്ടെന്നും, 'സുബോധം' പദ്ധതിയുടെ ഭാഗമായി പരസ്യങ്ങൾ നൽകുന്നുണ്ടെന്നും, എട്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികളുടെ പാഠ്യപദ്ധതിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അടുത്തവർഷം മുതൽ കൂടുതൽ ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച അദ്ധ്യാപകർക്കുള്ള പുസ്തകം എൻ.സി.ഇ.ആർ.ടി. തന്നെ തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും സമിതി അദ്ധ്യക്ഷൻ വ്യക്തമാക്കി. ഒരു ദിവസത്തെ പാർട്ടി നടത്തുന്നതിന് പെർമിറ്റ് എടുക്കുന്നതിനുള്ള ഫീസ് 25,000/- രൂപയായിരുന്നത്

50000 രൂപയായി വർദ്ധിപ്പിച്ചതിനുശേഷം പെർമിറ്റിനുള്ള അപേക്ഷകൾ കുറവാണെന്നും ഡോക്ടർമാരുടേതുൾപ്പെടെ ഇന്റർനാഷണൽ കോൺഫറൻസുകൾക്കും വൺഡേ പെർമിറ്റ് നൽകുന്നുണ്ടെന്നും ഓണം, ക്രിസ്മസ് കാലങ്ങളിൽ കേരളത്തിലെ മദ്യഷാപ്പുകൾ അടച്ചിടുമ്പോൾ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ മദ്യ ഷാപ്പുകൾ തുറക്കുന്നതായി കണ്ടുവരാറുണ്ടെന്നും മാഹിയിൽ മദ്യം സുലഭമാണെന്നതും എക്സൈസും പോലീസും നേരിടുന്ന പ്രശ്നമാണെന്നും ഒൻപത് ജില്ലകൾ മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിന് മാത്രമായി ഒരു മദ്യനയമുണ്ടാക്കുക പ്രയാസമാണെന്നും, ആയതിനാൽ, ഇക്കാര്യത്തിൽ ഒരു ദേശീയനയം ആവശ്യമാണെന്നും, സംസ്ഥാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് റിപ്പോർട്ടിൽ വിശദമായി പറയുന്നുണ്ടെന്നും, റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

റിപ്പോർട്ട് തയ്യാറാക്കിയ പഠന കമ്മിറ്റിയെ സമിതി അനുമോദിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.45-ന് പിരിഞ്ഞു.

## 17.02.2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2016 ഫെബ്രുവരി 17-ാം തീയതി ബുധനാഴ്ച സഭ സമ്മേളനത്തിനുശേഷം രാവിലെ 11.45-ന് നിയമസഭാ സമുച്ചയത്തിലെ '5 സി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്- ഒഫിഷ്യോ അംഗം മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന സമിതി അംഗവും യോഗത്തിൽ സന്നിഹിതരായിരുന്നു.

ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി ജ്യോതി എൽ, അണ്ടർ സെക്രട്ടറി.

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.